



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
14 FEBRUARY 2024 | VOL 03 | ISSUE 044 | 743

# യിസ്രായേലിന്റെ പുതിയ നീക്കത്തിൽ ആശങ്ക അറിയിച്ച് അന്താരാഷ്ട്ര ക്രിമിനൽ കോടതി പ്രോസിക്യൂട്ടർ


ഗസ: ഫലസ്ത്തീനിലെ അതിർത്തി നഗരമായ റഫയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇസ്രായേലി സൈന്യത്തിന്റെ ആക്രമണ പദ്ധതിയിൽ ആശങ്ക പ്രകടിപ്പിച്ച് അന്താരാഷ്ട്ര ക്രിമിനൽ കോടതി പ്രോസിക്യൂട്ടർ കരീം ഖാൻ. തീരുമാനത്തിൽ താൻ ആശങ്കയിലാണെന്ന് കരീം ഖാൻ പറഞ്ഞു. റഫയിൽ സൈന്യം നടത്തിയ ബോംബാക്രമണത്തിലും അനധികൃതമായ നുഴഞ്ഞുകയറ്റത്തിലും താൻ വളരെയധികം ആശങ്കാകുലനാണെന്നും കരീം ഖാൻ ഊന്നിപ്പറഞ്ഞു.






ഗസ സംബന്ധിച്ച വിഷയത്തിൽ ഫലസ്തീനിൽ സജീവമായ അന്വേഷണം നടക്കുന്നുണ്ടെന്നും റോം ചട്ടപ്രകാരമുള്ള കുറ്റകൃത്യങ്ങൾക്ക് ഉത്തരവാദികളായവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുകയെന്ന ലക്ഷ്യമാണ് അന്വേഷണത്തിന് ഉള്ളതെന്നും അദ്ദേഹം പറഞ്ഞു.'എല്ലാ യുദ്ധങ്ങൾക്കും നിയമങ്ങളുണ്ട്. സായുധ സംഘട്ടനത്തിന് ബാധകമായ നിയമങ്ങളെ പൊള്ളയായോ അർത്ഥരഹിതമായോ വ്യാഖ്യാനിക്കാൻ കഴിയില്ല. റാമല്ലയിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉയർന്നുവന്നത് മുതൽ ഇത് തന്നെയാണ് ഞാൻ പറയുന്നത്,' കരീം ഖാൻ എക്സിൽ കുറിച്ചു. റഫയിലെ ആക്രമണത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ കൈകാര്യം ചെയ്യാൻ ഗസയിലെ ആശുപത്രികൾക്ക് കഴിയുന്നില്ലെന്ന് ഫലസ്തീൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

**CARTOON: Life Line**



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

### ഫെബ്രുവരി 14

**മലാ. 4:6** ഞാൻ വന്നു ഭൂമിയെ ശാപം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന് അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും തിരിപ്പിക്കും.

എഡിറ്റോറിയൽ

# ഞങ്ങൾ ഒന്നും ചെയ്യില്ല, പക്ഷേ ദൈവം ചെയ്യും



സിസ്റ്റർ ഷീലാ ദാസ്
കീഴൂർ

അസമിൽ ക്രൈസ്തവ സ്കൂളുകളിലെ കുരിശും യേശു രൂപവും നീക്കണം എന്നു ഹിന്ദുത്വ സംഘടനകളുടെ അന്ത്യശാസനം. 'അല്ലെങ്കിൽ ഞങ്ങൾ ചെയ്യേണ്ടത് ചെയ്യും'എന്നും കൂടി കൂട്ടി ചേർത്തിട്ടുണ്ട് . സ്കൂളുകളിൽ ജോലി ചെയ്യുന്ന വൈദീകരും കന്യാസ്ത്രീകളും സഭാവസ്ത്രങ്ങൾ ധരിക്കരുതെന്നും ക്രൈസ്തവ പ്രാർത്ഥന പാടില്ലെന്നും ഇത് 15 ദിവസത്തിനകം നടപ്പാക്കുമെന്നും ഭീഷണി. ചില ദിവസങ്ങൾ നിരീക്ഷിക്കുമെന്നും അല്ലെങ്കിൽ നടപടി എടുക്കുമെന്നും വെല്ലുവിളി.

എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യം ഉണ്ടെന്ന് പറഞ്ഞ ഭാരതത്തിൽ ഇപ്പോൾ ഭരിക്കുന്നവർക്കൊരു പുതിയ ഭരണഘടന. ക്രൈസ്തവ മിഷനറിമാർ വളരെ സജീവമാണ് അവരെ തടയും ഹിന്ദുത്വ ശക്തി നേടും ഛത്തീസ്ഗഡ് മുഖ്യ മന്ത്രി. ഇതിന്റെയെല്ലാം പിന്നിൽ വ്യാപരിക്കുന്നത് ഭയം ആണ്. കാരണം അവർക്കൊന്നും സാധിക്കുന്നില്ല എന്ന തോന്നൽ ഉള്ളിൽ വന്നിട്ട് പ്രതികരിക്കുന്നു. എല്ലാകാലവും ക്രൈസ്തവ സഭ നേരിട്ട പ്രതിസന്ധികൾ ഭയം മൂലം ആയിരുന്നു.

ബൈബിൾ പറയുന്നു ലോകം അവന്റെ പിന്നാലെ ആയിപോയി എന്ന്. അതായത് ക്രിസ്തു വലിയ രാജകീയ നിലയിൽ അണികളുമായി സഞ്ചരിച്ചു രാജ്യം വെട്ടിപ്പിടിച്ചില്ല. സാമൂഹിക കലഹങ്ങൾക്ക് നേതൃത്വം നൽകിയില്ല. രാഷ്ട്രീയ മത മേഖലകളിൽ ഒന്നും കൈകടത്തി സാമ്രാജ്യം സ്ഥാപിക്കാൻ ശ്രമിച്ചില്ല. പുരുഷാരങ്ങൾ തന്നെ അനുഗമിച്ചെങ്കിലും അവരെ ചേർത്ത് നിറുത്തി ഭൂരിപക്ഷം ഉണ്ടാക്കി ഭരണം പിടിച്ചെടുത്തില്ല. അനേകരെ സൗഖ്യമാക്കുകയും വേദന അകറ്റുകയും സമാധാനം നൽകുകയും ചെയ്തിട്ടും യേശുവിനെ അവർ ഭയന്നു. അതിനു ശേഷം ശിഷ്യന്മാർ ഒന്നാം നൂറ്റാണ്ടിൽ പരിശുദ്ധആത്മാവിന്റെ ശക്തിയോടെ പ്രവർത്തിച്ചപ്പോഴും ഭയപ്പെട്ടു. അവരുടെ ദൈവങ്ങളുടെ ശക്തി പോലും ഇല്ലാതെയാകും എന്ന് ചിന്തിച്ചു.

അപ്പോസ്ഥലന്മാരെകൊല്ലാൻ ആഗ്രഹിച്ചു. അനേകർ രക്ത സാക്ഷികൾ ആയിട്ടും ഈ മാർഗം. നിന്നുപോയില്ല. തകർക്കും തോറും വർധിച്ചു വന്ന മാർഗം ആണ് ക്രൂശിന്റെ മാർഗം. എതിർത്തവർ പിന്നീട് ചേർന്ന് വന്നു, ജയിച്ചു എന്ന് അഭിമാനിച്ചു കൊണ്ട് വെല്ലുവിളിച്ചവർ പിന്നെ തോറ്റോടി കാലയവനികൾക്കുള്ളിൽ മറഞ്ഞതാണ് ചരിത്രം. ക്രൈസ്തവ മിഷനറിമാർ ലോകത്തിനു, വിശേഷാൽ ഭാരതത്തിനു ചെയ്ത സംഭാവനകൾ മറക്കുന്നു. ഇന്ന് ഉയർന്ന വിദ്യാഭ്യാസം ലഭിച്ച തലമുറകൾ ക്രൈസ്തവരുടെ പ്രവർത്തനം ആണെന്ന് അറിഞ്ഞുകൊണ്ട് തന്നെ എതിർക്കുന്നു. നിങ്ങൾ എത്ര എതിർത്താലും നിങ്ങളുടെ തലമുറകൾ ഈ സത്യം ഗ്രഹിക്കും ഞങ്ങൾക്ക് വിശ്വാസം ഉണ്ട്.

എന്നാൽ ഒന്ന് ഓർക്കുക, നിങ്ങൾ എത്ര ഉപദ്രവിച്ചാലും ഞങ്ങൾ ഒന്നും ചെയ്യില്ല എന്നോർത്തു ഞങ്ങൾ കഴിവില്ലാത്തവർ അല്ല. പക്ഷേ കഴിവുള്ള ഒരു ദൈവം ഞങ്ങൾക്കുണ്ട്. നിങ്ങൾ ചെയ്തില്ലെങ്കിൽ ഞങ്ങൾ ചെയ്യും എന്നൊക്കെ പറയുമ്പോൾ, ചെയ്യാൻ ഞങ്ങൾക്ക് അറിയില്ല എന്ന് ഓർത്താണോ?ഒരിക്കലുമല്ല ദൈവത്തിനറിയാം ഞങ്ങൾക്ക് വേണ്ടി എന്ത് ചെയ്യണം എന്ന്. വെല്ലുവിളി ദൈവത്തോടാണെന്ന് മറക്കല്ലേ. ദൈവം ചെയ്താൽ

ശേഷം 5-ാം പേജിൽ

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:



### ഐസ് ലാൻഡ്

| | |
|---|---|
| തലസ്ഥാനം | : റെയ്ക്ജാവിക് |
| ഭാഷ | : ഐസ് ലാൻഡിക് |
| ജനസംഖ്യ | : 375318 |
| പ്രസിഡണ്ട് | : ഗുവോനി ടി. ജോഹന്നാസ്സൻ |

പ്രകൃതിസൗന്ദര്യത്തിൽ നിറഞ്ഞ ഐസ് ലാൻഡ്. മനുഷ്യനെ സ്നേഹിക്കുന്ന ഒരു സ്രഷ്ടാവിന്റെ കരവിരുത്. ഈ നാട്ടിലുള്ളവർ സൃഷ്ടാവിന്റെ സ്നേഹം തിരിച്ചറിയാനായി പ്രാർത്ഥിക്കുക.


സഭയെ പുനർജീവിപ്പിക്കുന്ന ഒരു ഉണർവ്വ് രാജ്യത്തുണ്ടാകണം. ജനം ദൈവാത്മാവിൽ നിറയണം പ്രാർത്ഥിക്കുക.

നിരാശ നിറഞ്ഞ ഈ സമൂഹത്തെ ക്രിസ്തുവിന്റെ പ്രത്യാശയിൽ നിറയ്ക്കാൻ ശക്തരായ സുവിശേഷകർ എഴുന്നേൽക്കണം. പ്രാർത്ഥിക്കുക.

# വെസ്റ്റ് ഡൽഹിയിൽ ബൈബിൾ സ്റ്റഡിയും കൺവൻഷനും

ഡൽഹി: വെസ്റ്റ് ഡൽഹിയിലുള്ള പെന്തെക്കോസ്തു സഭകളുടെ സംയുക്ത വേദിയായ വെസ്റ്റ് ഡൽഹി പെന്തെക്കോസ്തൽ ഫെല്ലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 1114 വരെ കരോൾ ബാഗ് ആൽഫ ഗാർഡനിൽ ബൈബിൾ സ്റ്റഡിയും കൺവൻഷനും നടക്കും. രാവിലെ പത്തിനു ബൈബിൾ സ്റ്റഡിയും വൈകിട്ട് ആറിനു കൺവൻഷനുമായിരിക്കും. പാസ്റ്റർ അനിൽ കൊടിത്തോട്ടം മുഖ്യ പ്രഭാഷകനായിരിക്കും. 'നിനക്കുള്ളത് മുറുകെ പിടിക്ക്' എന്നതാണ് ചിന്താവിഷയം. പാസ്റ്റർ അജി മാത്യു, ബ്രദർ സാബു മത്തായി, ബ്രദർ ബി എൻ ദാസ് തുടങ്ങിയവർ നേതൃത്വം നൽകും.

# രണ്ട് വൈദികർക്കു മോചനം



അബൂജ: നൈജീരിയയിലെ പങ്ക്ഷിൻ രൂപത പരിധിയിൽ നിന്ന് തട്ടിക്കൊണ്ടുപോയ രണ്ട് വൈദികർക്കു മോചനം. ക്ലരീഷ്യൻ മിഷ്ണറിമാർ എന്നറിയപ്പെടുന്ന മിഷ്ണറീസ് സൺസ് ഓഫ് ദ ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി കോൺഗ്രിഗേഷൻ അംഗങ്ങളായ ഫാ. കെന്നത്ത് കൻവ, ഫാ. ജൂഡ് നവാച്ചുകു എന്നീ വൈദികരാണ് മോചിതരായിരിക്കുന്നത്. ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് നൈജീരിയയുടെ പ്ലേറ്റോ ചാപ്റ്ററിന്റെ ചെയർമാൻ ഫാ. പോളികാർപ്പ് ലൂബോ, വൈദികരുടെ മോചന വാർത്ത സ്ഥിരീകരിച്ചിട്ടുണ്ട്. മോചനദ്രവ്യത്തിനായി തട്ടിക്കൊണ്ടുപോകൽ, കൊലപാതകം, ആക്രമണങ്ങൾ തുടങ്ങീ നിരവധി പ്രതിസന്ധികളാൽ നട്ടം തിരിയുന്ന രാജ്യമാണ് നൈജീരിയ. ക്രൈസ്തവരാണ് ഏറ്റവും കൂടുതൽ തവണ ആക്രമണത്തിന് ഇരയാകുന്നത്. അക്രമങ്ങളിൽ കൃത്യമായ നടപടി സ്വീകരിക്കാൻ അധികൃതർ തയാറാകാത്തതിനെതിരെ പ്രതിഷേധം വ്യാപകമാണ്.

# കോഴിക്കോട് സിറ്റി പാസ്റ്റേഴ്സ് ഫെലോഷിപ്പ് സുവിശേഷ യോഗങ്ങൾ

കോഴിക്കോട്: കോഴിക്കോട് സിറ്റിയിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിക്കുന്ന പാസ്റ്റേഴ്സിന്റെ ഐക്യ കൂട്ടായ്മയായ കോഴിക്കോട് സിറ്റി പാസ്റ്റേഴ്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ സുവിശേഷ യോഗങ്ങൾ മാർച്ച് 2, 3 തീയതികളിൽ കോഴിക്കോട് ടൗൺഹാളിൽ നടക്കും. ദിവസവും വൈകിട്ട് 5 30 മുതൽ നടക്കുന്ന പൊതുയോഗങ്ങളിൽ പാസ്റ്റർമാരായ അനീഷ് കൊല്ലം, തോമസ് ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിക്കും. നെൽസൺ തൊടുപുഴയുടെ നേതൃത്വത്തിൽ ഒലിവ് മ്യൂസിക്സ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.

# റ്റി.പി.എം സാർവ്വദേശീയ കൺവൻഷൻ സമാപിച്ചു

കൊട്ടാരക്കര : അഞ്ച് ദിവസമായി കൊട്ടാരക്കര പുലമൺ ഫെയ്ത്ത് ഹോം ജംഗ്ഷന് സമീപമുള്ള റ്റി.പി.എം കൺവൻഷൻ ഗ്രൗണ്ടിൽ നടന്ന സാർവ്വദേശീയ കൺവൻഷൻ സമാപിച്ചു. സംയുക്ത സഭായോഗത്തിൽ കൊട്ടാരക്കര സെന്റർ പാസ്റ്റർ എം.ജോസഫ്കുട്ടിയുടെ പ്രാർത്ഥനയോട് ആരംഭിച്ചു. കൊട്ടാരക്കര, പുനലൂർ സെന്ററുകളുടെ സംയുക്ത സഭായോഗവും വൈകിട്ട് പ്രത്യേക രോഗശാന്തി ശുശ്രൂഷയും നടന്നു. സുവിശേഷ പ്രവർത്തകർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകി. വിദേശ രാജ്യങ്ങളിൽ നിന്നും ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ശുശ്രൂഷകരും വിശ്വാസികളും കൺവൻഷനിൽ പങ്കെടുത്തു.
രാത്രി യോഗങ്ങളിൽ ഡെപ്യൂട്ടി ചീഫ് പാസ്റ്റർ എം.റ്റി തോമസ്, പാസ്റ്റർ മാത്യു ജോൺ പി (യു.എസ്), പാസ്റ്റർ എസ് തമ്പി ദുരൈ (ബെംഗളൂരു സെന്റർ), പാസ്റ്റർ യൂനിസ് മശി (ഡൽഹി സെന്റർ) എന്നിവരും പകൽ യോഗങ്ങളിൽ പാസ്റ്റർ എസ് സെൽവമണി (തൂത്തുക്കുടി സെന്റർ), പാസ്റ്റർ വി.ജോർജ്കുട്ടി (തൃശൂർ സെന്റർ) എന്നിവരും പ്രസംഗിച്ചു. സമാപന ദിവസം രാത്രിയിൽ നടന്ന ദൈവിക രോഗശാന്തി ശുശ്രൂഷയിൽ പാസ്റ്റർ സണ്ണി ജയിംസ് (എറണാകുളം സെന്റർ) പ്രസംഗിച്ചു. കേരളത്തിലെ ഏറ്റവും വലിയ പെന്തെക്കൊസ്ത് കൺവൻഷന് മുന്നോടിയായി ഞായറാഴ്ച നടന്ന സൺഡേ സ്കൂൾ ജാഥയിലും ബുധനാഴ്ച നടന്ന സുവിശേഷ വിളംബര ജാഥയിലും ആയിരങ്ങൾ പങ്കെടുത്തു. സംഗീത ശുശ്രൂഷ, അനുഭവ സാക്ഷ്യം, ബൈബിൾ ക്ലാസ്, പൊതുയോഗം, കാത്തിരിപ്പ് യോഗം, സുവിശേഷ പ്രസംഗം, യുവജന സമ്മേളനം എന്നിവയും ജലസ്നാനം, ശിശു പ്രതിഷ്ഠ എന്നി ശുശ്രൂഷകളും നടന്നു. തിങ്കളാഴ്ച നടന്ന പുതിയ ശുശ്രൂഷകരെ തിരഞ്ഞെടുക്കുന്ന യോഗത്തിൽ പൂർണസമയ സുവിശേഷ വേലയ്ക്കായി 6 സഹോദരൻന്മാരെയും 20 സഹോദരിമാരെയും തിരഞ്ഞെടുത്തു. 98 പേര് ജലസ്നാനമേറ്റു.

# ലോക്സഭാ തിരഞ്ഞെടുപ്പിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉറപ്പാക്കണം: സിപിഎം

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിൽ കൂടുതൽ സ്ത്രീകളെ മത്സരിപ്പിക്കണമെന്ന് സിപിഎമ്മിൽ ആവശ്യം. വനിതാ സംവരണ ബിൽ ചൂണ്ടിക്കാട്ടിയാണ് ഒരു വിഭാഗം ഈ ചർച്ചകൾക്ക് തുടക്കമിട്ടത്. പോളിറ്റ് ബ്യൂറോ അംഗങ്ങൾ മുതൽ സംസ്ഥാന സമിതി അംഗങ്ങൾ വരെയുള്ള മുതിർന്ന നേതാക്കൾ ഈ ആവശ്യം ഉയർത്തിയെന്നാണ് റിപ്പോർട്ടുകൾ . സീറ്റ് വീതം വയ്ക്കുമ്പോൾ തുല്യത ഉറപ്പ് വരുത്തണമെന്നാണ് ഇവരുടെ ആവശ്യം

# മുതിർന്ന പൗരന്മാരുടെ സംരക്ഷണം ഉറപ്പാക്കാൻ സീനിയർ സിറ്റിസൻസ് കമ്മിഷൻ




തിരുവനന്തപുരം: മുതിർന്ന പൗരന്മാരുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ പരാതികളിൽ തീർപ്പുകൽപിക്കാൻ സംസ്ഥാന സർക്കാർ സീനിയർ സിറ്റിസൻസ് കമ്മിഷന് രൂപം കൊടുക്കും.

വിഷയത്തിൽ പ്രത്യേക അറിവും അനുഭവപരിചയവുമുള്ള മുതിർന്ന പൗരനായ അധ്യക്ഷനും രണ്ട് അംഗങ്ങളുമടങ്ങുന്നതാണ് കമ്മിഷൻ. അംഗങ്ങളിൽ ഒരാൾ നിയമത്തിൽ അറിവുള്ള വ്യക്തിയും മറ്റൊരാൾ സ്ത്രീയുമായിരിക്കും. മൂന്ന് വർഷത്തേക്കാണു നിയമനം. ചെയർപഴ്സനും അംഗങ്ങളും രണ്ട്  പ്രാവശ്യത്തിൽ കൂടുതൽ പദവി വഹിക്കാൻ യോഗ്യരല്ല. അഡീഷനൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത പദവിയിലുള്ള വ്യക്തിയെ സെക്രട്ടറിയായി നിയമിക്കും. കമ്മിഷന്റെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും.

ബന്ധുവോ നിയമപരമായ അവകാശിയോ മുതിർന്ന പൗരന്മാരെ ക്രൂരതയ്ക്കു വിധേയമാക്കിയാലോ സമ്മതമില്ലാതെ പരിചരണകേന്ദ്രത്തിലോ മറ്റോ ഉപേക്ഷിച്ചാലോ മൂന് വർഷം വരെ തടവു ശിക്ഷയും പിഴയും ബിൽ ശുപാർശ ചെയ്യുന്നു.

മുതിർന്ന പൗരന്റെ സംരക്ഷണത്തിനു ചുമതലയുള്ള കുടുംബാംഗമോ ബന്ധുവോ നിയമപരമായ അവകാശിയോ അതു ചെയ്യുന്നതിൽ പരാജയപ്പെട്ടാൽ സെക്ഷൻ 4 പ്രകാരം മുതിർന്ന പൗരനു കമ്മിഷനിൽ പരാതിപ്പെടാം. കമ്മിഷൻ അത് അന്വേഷിക്കുകയും ചുമതലയുള്ള ബന്ധുക്കളുമായി അനുരഞ്ജനം നടത്തുകയും ചെയ്യും. അതു സാധ്യമാകാത്ത സാഹചര്യത്തിൽ കമ്മിഷൻ ഇരു കക്ഷികളുടെയും വാദം കേട്ട ശേഷം മെയ്ന്റനൻസ് ആൻഡ് വെൽഫെയർ ഓഫ് സീനിയർ സി റ്റിസൻസ് ആക്ട് സെക്ഷൻ 7 പ്രകാരം രൂപീകരിച്ച ട്രൈബ്യൂണൽ പാസാക്കേണ്ട മെയ്ന്റനൻസ് ഓർഡർ ഒഴികെ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കും.

**കമ്മിഷൻ ഉത്തരവ് അന്തിമമായിരിക്കും.**

അതു കമ്മിഷൻ ഓഫിസ്, വില്ലേജ് ഓഫിസ്, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം എന്നിവയുടെ നോട്ടിസ് ബോർഡിൽ പ്രസിദ്ധീകരിക്കും. ഉത്തരവു പാലിക്കാത്ത കുടുംബാംഗം, ബന്ധു അല്ലെങ്കിൽ നിയമപരമായ അവകാശി ആറ് മാസം വരെ തടവോ പിഴയോ രണ്ടും കൂടിയോ അനുഭവിക്കണം. പിഴ ഒരു ലക്ഷം രൂപ വരെയാകാം. പിഴത്തുക പരാതിക്കാരനു ലഭിക്കും



# മുതിർന്ന പൗരൻമാരെ സർക്കാർ പുനരധിവസിപ്പിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് ഭിക്ഷാടനം നടത്താൻ മുതിർന്ന പൗരൻമാരെ അനുവദിക്കില്ല. അവരെക്കൊണ്ടു ഭിക്ഷയെടുപ്പിക്കുന്നവർക്കു മൂന്ന് വർഷം വരെ തടവും പിഴയും ലഭിക്കും. ഉറ്റവരില്ലെങ്കിൽ സർക്കാർ തന്നെ പുനരധിവസിപ്പിക്കും..

# മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്ക് ആറു മാസം തടവും ഒരു ലക്ഷം രൂപ പിഴയും



തിരുവനന്തപുരം: മുതിർന്ന പൗരന്മാരെ നോക്കാത്ത മക്കൾക്കും അവകാശിയായ ബന്ധുക്കൾക്കും ആറുമാസം തടവും ഒരു ലക്ഷം രൂപ പിഴയും ശുപാർശ ചെയ്ത് പുതിയ കേരള സീനിയർ സിറ്റിസൻ സ് ബിൽ. നിയമപരിഷ്കരണ കമ്മിഷൻ സമർപ്പിച്ച കരടു ബിൽ നിയമവകുപ്പ് പരിശോധിച്ചു സാമൂഹികനീതി വകുപ്പിനു കൈമാറികഴിഞ്ഞു. ഫെബ്രു.15നു നിയമസഭാ സമ്മേളനം അവസാനിക്കുന്നതോടെ ഇതു മന്ത്രിസഭാ യോഗത്തിൽ ഓർഡിനൻസായി കൊണ്ടുവരും. ഇതുസംബന്ധിച്ച നയം ബജറ്റ് പ്രസംഗത്തിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. ബന്ധുവോ നിയമപരമായ അവകാശിയോ മുതിർന്ന പൗരന്മാരെ ക്രൂരതയ്ക്കു വിധേയമാക്കിയാലോ സമ്മതമില്ലാതെ പരി ചരണകേന്ദ്രത്തിലോ മറ്റോ ഉപേക്ഷിച്ചാലോ മൂന്ന് വർഷം വരെ തടവു ശിക്ഷയും പിഴയും ബിൽ ശുപാർശ ചെയ്യുന്നു.





# ഫ്രം യുവർ വാലൻന്റൈൻ...

ഇന്ന് വാലൻന്റൈൻ ദിനമാണെന്ന് അറിയാത്തവരില്ല. പക്ഷേ ലോകമെങ്ങും ചെറുപ്പക്കാർ ഒരു മനസോടെ ആഘോഷിക്കുന്ന വാലന്റെയിൻ ദിനത്തിന്റെ പിന്നിലെ കഥ കേൾക്കാൻ അത്ര ഇമ്പമുള്ളതല്ല.
ക്ലോഡിയസ് ചക്രവർത്തി റോം ഭരിക്കുന്ന കാലം. അന്ന് കത്തോലിക്ക സഭയുടെ ബിഷപ്പ് വാലൻന്റൈൻ എന്നൊരാളായിരുന്നു. വിവാഹം കഴിഞ്ഞാൽ പുരുഷന്മാർക്ക് കുടുംബം എന്നൊരു ചിന്ത മാത്രമേയുള്ളുവെന്നും അവർ യുദ്ധത്തിൽ ഒരു ശ്രദ്ധയും കാണിക്കുന്നില്ലെന്നും ചക്രവർത്തിക്ക് തോന്നി. ഒടുവിൽ ചക്രവർത്തി റോമിൽ വിവാഹം നിരോധിച്ചു.
ഇതോടെ പരസ്പരം സ്നേഹിക്കുന്നവരെ മനസ്സിലാക്കി അവരുടെ വിവാഹം രഹസ്യമായി നടത്തിക്കൊടുക്കാൻ വാലൻന്റൈൻ തുടങ്ങി.
ക്ലോഡിയസ് ചക്രവർത്തി വാലൻന്റൈനെ ജയിലിൽ അടച്ചു. വാലൻന്റൈനാകട്ടെ ജയിലറുടെ അന്ധയായ മകളുമായി സ്നേഹത്തിലായി. അതോടെ ആ പെൺകുട്ടിക്ക് കാഴ്ചശക്തി ലഭിച്ചുവെന്നാണ് വിശ്വാസം. വിവരം അറിഞ്ഞ ചക്രവർത്തി വാലന്റൈന്റെ തല വെട്ടാൻ ആജ്ഞ നൽകി. തലവെട്ടാൻ കൊണ്ടുപോകുന്നതിന് മുൻപ് വാലൻന്റൈൻ ആ പെൺകുട്ടിക്ക് 'ഫ്രം യുവർ വാലൻന്റൈൻ' എന്നെഴുതിയ ഒരു കുറിപ്പ് നൽകി. ബിഷപ്പ് വാലൻന്റൈന്റെ ഓർമ്മയ്ക്കായി ഫെബ്രുവരി 14 നാണ് വാലൻന്റൈൻ ദിനം ആ!ഘോഷിക്കുന്നത്.




# പ്രവാസികൾക്ക് നാട്ടിലേക്ക് പണം അയക്കാൻ ചിലവേറും, ഫീ കൂട്ടി

യു എ ഇ : പ്രവാസികൾക്ക് അത്ര സന്തോഷകരമല്ലാത്ത ഒരു വാർത്ത യു എ ഇയിൽ നിന്നും വിദേശ രാജ്യങ്ങളിലേക്ക് പണമയക്കുന്നതിനുള്ള ഫീസ് ഉയർത്തുന്നു. പണം അയക്കുന്നതിനുള്ള ഫീസ് നിലവിലേതിന്റെ 15 ശതമാനം വർധിപ്പിക്കുമെന്ന് അധികൃതർ തിങ്കളാഴ്ച പ്രഖ്യാപിച്ചു. അഞ്ച് വർഷം മുമ്പാണ് യു എ ഇ ഇത്തരത്തിൽ ഫീസ് ഉയർത്തിയത്. ഈ തീരുമാനം നടപ്പിലാകുന്നതോടെ 2.50 ദിർഹത്തിന്റെ വർധനവ് ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്. അതായത് ഇന്ത്യൻ രൂപയിൽ കണക്കാക്കുമ്പോൾ 56.50 രൂപയുടെ വർധനവ്. ഫീസ് വർധനവിനു അധികാരികളിൽ നിന്ന് അനുമതി ലഭിച്ചതായി യു എ ഇയിലെ എക്സ്ചേഞ്ച് ഹൗസുകളെ പ്രതിനിധീകരിക്കുന്ന ഫോറിൻ എക്സ്ചേഞ്ച് ആൻഡ് റെമിറ്റൻസ് ഗ്രൂപ്പ് (എ ഫ് ഇ ആർ ജി) വ്യക്തമാക്കിയതായി ഖലീജ് ടൈംസ് റിപ്പോർട്ട് ചെയ്തു.

# ഐപിസി റാന്നി വെസ്റ്റ് സെൻറർ ശതാബ്ദി കൺവെൻഷൻ

റാന്നി: ഐപിസി റാന്നി വെസ്റ്റ് സെൻറർ 100 ാമത് കൺവെൻഷൻ ഇന്നു മുതൽ 18 വരെ റാന്നി മാമുക്ക് മർത്തോമ്മ ഹോസ്പിറ്റലിൽ സമീപമുള്ള കാച്ചാണത്ത് ഗ്രൗണ്ടിൽ നടക്കും. സെൻറർ ശുശ്രൂഷകൻ പാസ്റ്റർ സി സി എബ്രഹാം ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർമാരായ കെ.സി. തോമസ് തോമസ് ഫിലിപ്പ്, കെ.ജെ തോമസ്, വർഗീസ് എബ്രഹാം, വർക്കി എബ്രഹാം കാച്ചണത്ത് എന്നിവർ പ്രസംഗിക്കും. ഹീലിംഗ് മെലഡീസ് നിരണം സംഗീത ശുശ്രൂഷ നിർവഹിക്കും. ദിവസവും വൈകിട്ട് 6 മുതൽ പൊതുയോഗം ഉണ്ടായിരിക്കും. കൺവെൻഷനോട് അനുബന്ധിച്ച് ഉപവാസ പ്രാർത്ഥന, മാസിയോഗം, പുത്രിക സംഘടനകളുടെ വാർഷികം, സംയുക്തരാധന എന്നിവ ഉണ്ടായിരിക്കും.

# ചർച്ച് ഓഫ് ക്രൈസ്റ്റ് റാന്നി ടൗൺ സെന്റർ കൺവെൻഷൻ

വാളക്കുഴി : ചർച്ച് ഓഫ് ക്രൈസ്റ്റ് റാന്നി ടൗൺ സെന്റർ കൺവെൻഷൻ ഫെബ്രുവരി 16 മുതൽ 18 വരെ വാളക്കുഴിയിൽ ജംഗ്ഷന് സമീപം നടക്കും.
സെന്റർ ശുശ്രൂഷകൻ പാസ്റ്റർ മനോജ് ജോർജ് ഉദ്ഘാടനം നിർവഹിക്കും. പാസ്റ്റർ തോമസ് മാമൻ, പാസ്റ്റർ ഷിജോ എം കെ, പാസ്റ്റർ ജയ്സ് പാണ്ടനാട് എന്നിവർ പ്രസംഗിക്കും. ഞായറാഴ്ച സംയുക്ത സഭായോഗത്തിൽ ചർച്ച് ഓഫ് ക്രൈസ്റ്റ് ജനറൽ സെക്രട്ടറി റവ ഡോ. ജോർജ്. റ്റി കുര്യൻ, ഇവാ. ടെന്നീസ് മാത്യു പട്ടാമ്പി എന്നിവർ പ്രസംഗിക്കും. പാസ്റ്റർ ബിജു പി.കെയുടെ നേതൃത്വത്തിൽ സെന്റർ ക്വയർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കും.

2-ാം പേജിൽ നിന്നും തുടർച്ച

ബാക്കി പോലും കാണില്ല. ദൈവവും ഞങ്ങളും നിങ്ങളെ സ്നേഹിക്കുന്നു. അത് കൊണ്ട് ഞങ്ങൾ പകരം ഒന്നും ചെയ്യില്ല എന്നാൽ സകലത്തിന്മേലും അധികാരം ഉള്ളവൻ എഴുന്നേൽക്കും. എല്ലാ കാലവും ദൈവം കൈ കെട്ടി നോക്കിയിരിക്കും എന്ന് ചിന്തിക്കല്ലേ. ഉപദ്രവിക്കുന്നവർക്ക് എന്താണ് പ്രധാനം എന്നറിഞ്ഞു ദൈവം അതിനെ ഇല്ലാതാക്കും. പക്ഷേ ദൈവത്തിനു പ്രധാനം ഉള്ള തന്റെ ജനത്തെ സൂക്ഷിക്കും. ജനിച്ചാൽ എന്നായാലും മരിക്കണം എന്നാൽ പിന്നെ അത് ഞങ്ങളുടെ ദൈവത്തിനു വേണ്ടി ആണെങ്കിൽ അത്രയും സന്തോഷം. അതുകൊണ്ട് നിങ്ങൾ എന്ത് ചെയ്താലും ദൈവം അതിനുള്ള പകരം ചെയ്തോളും എന്ന് വിശ്വാസത്തോടെ ഞങ്ങൾ പ്രതികരിക്കുന്നില്ല. ദൈവം നിങ്ങളെയും ഞങ്ങളോടൊപ്പം അനുഗ്രഹിക്കപ്പെടുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

# ഫിലിപ്പെൻസിലെ സ്വർണഖനന ഗ്രാമത്തിലെ മണ്ണിടിച്ചിൽ; മരണ സംഖ്യ 68 ആയി

മനില : ഫിലിപ്പെൻസിലെ സ്വർണഖനന ഗ്രാമത്തിലുണ്ടായ മണ്ണിടിച്ചിലിൽ മരിച്ചവരുടെ എണ്ണം 68 ആയി. 51 പേരെ ഇനിയും കണ്ടെത്താനുണ്ട്. 32 പേർക്ക് അപകടത്തിൽ പരുക്കേറ്റു. മിൻഡാനാവോ ദ്വീപിലെ മസാര ഗ്രാമത്തിലുണ്ടായ അപകടത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. മസാര എന്ന സ്വർണഖനന ഗ്രാമത്തിന് സമീപമാണ് അപകടം സംഭവിച്ചത്. കാണാതായവർ ഇതിനകം മരിച്ചിരിക്കാമെന്നാണ് രക്ഷാപ്രവർത്തകർ പറയുന്നത്. സംഭവം നടന്ന് ഒരാഴ്ച പിന്നിട്ടിട്ടും നിരവധി ആളുകൾ മണ്ണിനടിയിലാണ്.

# യു.എ.ഇ.യിൽ പെയ്തിറങ്ങിയത് കാലവർഷം



ദുബായ്: കനത്ത കാറ്റിലും മഴയിലും ആലിപ്പഴ വർഷത്തിലും യുഎഇയിൽ വ്യാപക നാശനഷ്ടം.
മഞ്ഞിനാൽ വെള്ള പുതച്ച തെരുവുകൾ കണ്ടാണ് അൽ ഐൻ നിവാസികൾ തിങ്കളാഴ്ച പ്രഭാതത്തെ എതിരേറ്റത്. ഇത്തരം കാലാവസ്ഥയിൽ ആലിപ്പഴം ഉണ്ടാകുന്നത് പതിവാണെങ്കിലും തെരുവുകൾ മുഴുവൻ വെള്ള നിറത്തിൽ മൂടുന്നത് സാധാരണമായിരുന്നില്ല. ശക്തമായ മിന്നലിന്റെ അകമ്പടിയോടെയെത്തിയ മഴയിൽ അൽഐൻ വ്യവസായ മേഖലയിലൂടെ മഴവെള്ളം പുഴപോലെ യൊഴുകി. റാസൽഖൈമ, ഫുജൈറ എമിറേറ്റുകളിലെ തടാകങ്ങൾ നിറഞ്ഞൊഴുകി. മലവെള്ളപ്പാച്ചിലിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിലായി. ഒട്ടേറെ വാഹനങ്ങൾ ഒലിച്ചുപോയി. റോഡുകളിൽ വെള്ളം കയറി ഗതാഗതക്കുരുക്ക് രൂപപ്പെട്ടതോടെ ഓഫിസിലേക്ക് പുറപ്പെട്ടവർ വഴിയിൽ കുടുങ്ങി. മരങ്ങൾ കടപുഴകി വീണും നാശനഷ്ടമുണ്ടായി. അബുദാബി, ഷാർജ, അജ്മാൻ എന്നിവിടങ്ങളിൽ മണി ക്കൂറുകളോളം വൈദ്യുതിയും നിലച്ചു. വലിയ മഞ്ഞുപാളികൾ കാറുകളിലേക്കും ജനാലകളിലേക്കും വീണിട്ടുണ്ടായിരുന്നു. ആലിപ്പഴം വീണ് വാഹനങ്ങളും ബോർഡുകളും ജനലുകളും വ്യാപകമായി തകർന്നു. ഫ്ലാറ്റുകളുടെ സീലിങ് ഇളകിവീണു. എങ്കിലും മുതിർന്നവരും കുട്ടികളും ഒരുപോലെ ആലിപ്പഴം ഉപയോഗിച്ച് സ്നോമാനെ നിർമ്മിച്ചും മറ്റും ആഹ്ലാദിച്ചു.



PTI

# സുപ്രധാന വിധിക്ക് പിന്നാലെ, ഖത്തർ സന്ദർശനം പ്രഖ്യാപിച്ച് മോദി, ആദ്യം യുഎഇ

ന്യൂഡൽഹി: മലയാളി ഉൾപ്പെടെയുള്ള എട്ട് മുൻ ഇന്ത്യൻ നാവിക സേനാംഗങ്ങളുടെ വധശിക്ഷ ഇളവ് ചെയ്ത് വെറുതെ വിട്ടതിനു പിന്നാലെ ഖത്തർ സന്ദർശനം പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. നേരത്തെ യുഎഇ സന്ദർശനം പ്രഖ്യാപിച്ചിരുന്നു എങ്കിലും പുതിയ രാഷ്ട്രീയ സാഹചര്യത്തിലാണ് ഖത്തർ കൂടി സന്ദർശിക്കുന്നതെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് മോഹൻ ക്വത്ര പറഞ്ഞു. ഖത്തറുമായി സഹകരണം ശക്തമാക്കാനാണ് ഇന്ത്യയുടെ തീരുമാനം ഇതിന്റെ ഭാഗമായിട്ടാണ് മോദിയുടെ ദോഹ സന്ദർശനം. എട്ട് മുൻ ഇന്ത്യൻ നാവികരെ വിട്ടയച്ച ഖത്തർ നടപടി അന്തർദേശീയ തലത്തിൽ വാർത്തയായിരുന്നു. എല്ലാവരും ഇന്ത്യയിൽ എത്തിയിട്ടുണ്ട്. മോദിയുടെ നയതന്ത്ര വിജയമായി ബിജെപി ഇതിനെ വിലയിരുത്തുന്നതിനിടെയാണ് പുതിയ സന്ദർശനം പ്രഖ്യാപിച്ചത്. ആദ്യം മോദി യുഎഇ സന്ദർശിക്കും...
8.4 ലക്ഷം ഇന്ത്യക്കാർ ജോലി ചെയ്യുന്ന രാജ്യമാണ് ഖത്തർ. കൂടുതലും മലയാളികളാണ്. ഖത്തറിലെ സ്വദേശികളുടെ ഇരട്ടി വരും ആ രാജ്യത്തെ ഇന്ത്യക്കാരുടെ എണ്ണം. എട്ട് നാവികരെയും വിട്ടയക്കാനുള്ള ഖത്തർ അമീറിന്റെ തീരുമാനത്തെ ഇന്ത്യ സ്വാഗതം ചെയ്തിരുന്നു. ചാരവൃത്തി ആരോപിച്ച് അറസ്റ്റിലായ എട്ട് പേരെയും ഖത്തർ കോടതി വധശിക്ഷയ്ക്ക് വിധിച്ചിരിക്കെയാണ് നയതന്ത്ര ഇടപെടലുണ്ടായതും മോചിപ്പിച്ചതും.

# സമരത്തിൽ നിന്ന് പിന്നോട്ടില്ലെന്നാണ് വ്യക്തമാക്കി കർഷകരുടെ ദില്ലി ചലോ മാർച്ച്

ന്യൂഡൽഹി: പഞ്ചാബിലെയും ഹരിയാനയിലെയും വിവിധ കേന്ദ്രങ്ങളിൽ നിന്ന് കർഷകരുടെ 'ദില്ലി ചലോ' മാർച്ച് ഡൽഹിയെ ലക്ഷ്യമാക്കി പുറപ്പെട്ടിരിക്കുകയാണ്, തങ്ങളുന്നയിക്കുന്ന ആവശ്യങ്ങളിൽ പരിഹാരം കാണാതെ സമരത്തിൽ നിന്ന് പിന്നോട്ടില്ലെന്നാണ് കർഷകരുടെ നിലപാട്. സമരം ഒഴിവാക്കാൻ ഇന്നലെ കേന്ദ്ര സർക്കാർ കർഷക സംഘടനകളുമായി നടത്തിയ ചർച്ചയും പരാജയപ്പെട്ടിരുന്നു.

# കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ അജീഷിനു സഹായവുമായി മാനന്തവാടി രൂപത




മാനന്തവാടി : കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ മാനന്തവാടി പടമല സ്വദേശിയായ അജീഷ് പനച്ചിയിലിന്റെ കുടുംബത്തിന് കൈത്താങ്ങായി മാനന്തവാടി രൂപത. രൂപതയുടെ സാമൂഹ്യ സേവന പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകുന്ന വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും ബയോവിൻ അഗ്രോ റിസേർച്ചും ആണ് അജീഷിന്റെ കുടുംബത്തിന് സഹായം നൽകുന്നത്. കുടുംബത്തിന് പത്ത് ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുമെന്ന് ഭാരവാഹികൾ പത്ര സമ്മേളനത്തിൽ അറിയിച്ചു. അജീഷിന്റെ രണ്ട് കുട്ടികളുടെയും പേരിൽ മാനന്തവാടിയിലുള്ള ദേശസാത്കൃത ബാങ്കിൽ സ്ഥിരനിക്ഷേപമായി ഇടുന്നതാണ്. ബയോവിൻ അഗ്രോ റിസേർച്ചിൽ അംഗമായിരുന്ന അജീഷ് പനച്ചിയിൽ വളരെ നല്ല ഒരു സംഘാടകനും ഇടവകയിലെ സജീവ പ്രവർത്തകനും കൈക്കാരനും കൂടിയായിരുന്നു. അജീഷിന്റെ അകാല നിര്യാണത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും ബയോവിൻ അഗ്രോ റിസർച്ചും അഗാധദുഃഖം രേഖപ്പെടുത്തി.

# കലാപഭൂമിയിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടരുന്ന ക്രൈസ്തവ സംഘടനയെ അഭിനന്ദിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി



ലണ്ടൻ: യുക്രൈനിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന ക്രൈസ്തവ സന്നദ്ധ സംഘടനയായ യൂറോപ്യൻ മിഷൻ ഫെലോഷിപ്പിനെ അഭിനന്ദിച്ച് ബ്രിട്ടീഷ് പ്രധാനമന്ത്രി ഋഷി സുനാക്. 2023 മാർച്ച് മാസത്തിന്റെ അവസാനത്തിൽ അഞ്ച് ലക്ഷത്തോളം പൗണ്ട് സംഘടനയ്ക്ക് കണ്ടെത്താൻ സാധിച്ചിരുന്നു. കഴിഞ്ഞ ഏതാനും ആഴ്ചകളായി നടത്തിയ ക്യാമ്പയിനിൽ മാത്രം അരലക്ഷത്തോളം പൗണ്ടാണ് ഇവർക്ക് ലഭിച്ചത്. ഫെലോഷിപ്പിനെ അഭിനന്ദിച്ചുകൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി കത്തെഴുതുകയായിരിന്നു.

റഷ്യ യുക്രൈൻ യുദ്ധം ആരംഭിച്ചതിന്റെ രണ്ടാം വാർഷികം അടുക്കുമ്പോൾ ഏകദേശം ഒരു കോടി 70 ലക്ഷത്തോളം ആളുകളാണ് യുക്രൈനിൽ സഹായം കാത്തു കഴിയുന്നത്. രാജ്യത്ത് 36 ലക്ഷത്തോളം ആളുകൾ ഭവനരഹിതരായി മാറിയെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ കണക്ക്. ഇതുവരെ ശേഖരിച്ച പണം പന്ത്രണ്ട് സഭകൾക്കും, ഫെലോഷിപ്പുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന സംഘടനകൾക്കുമാണ് നൽകിയിരിക്കുന്നത്. ഈ പണം ഉപയോഗിച്ച് ഭക്ഷണം, മെഡിക്കൽ സഹായം, പുതപ്പുകൾ തുടങ്ങിയവ ദുരിതബാധിതർക്ക് ലഭ്യമാക്കുന്നുണ്ട്. തങ്ങളുടെ പ്രവർത്തനം സുവിശേഷത്തിൽ ഊന്നിയുള്ളതാണെന്നു ഫെലോഷിപ്പിന്റെ പ്രവർത്തകർ വ്യക്തമാക്കി. യൂറോപ്യൻ മിഷൻ ഫിലോഷിപ്പിന്റെ പ്രവർത്തകർ 2023 ആദ്യം യുക്രൈനിൽ സന്ദർശനം നടത്തിയിരുന്നു. 60 വർഷത്തിലേറെയായി യൂറോപ്പിലുടനീളം സന്നദ്ധ സേവനം തുടരുന്നവരാണ് യൂറോപ്യൻ മിഷൻ ഫെലോഷിപ്പ്. നിലവിൽ യുക്രൈൻ ഉൾപ്പെടെ യൂറോപ്പിലുടനീളം 19 രാജ്യങ്ങളിലായി തൊണ്ണൂറിലധികം ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്.

## നിത്യതയിൽ



റാന്നി: ശാരോൻ ഫെലോഷിപ്പ് സഭാ ശുശ്രൂഷകനും ഇടമൺ ശാരോൻ സഭാംഗവുമായ **പാലത്തിങ്കൽ പാസ്റ്റർ പി.പി.ഏബ്രഹാം** (69) കർതൃസന്നിധിയിൽ. കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിലെ ആദ്യ ബാച്ച് ബിരുധദാരി ആയിരുന്നു.

ഭാര്യ സ്റ്റാർളി ഏബ്രഹാം ചിങ്ങവനം കൊച്ചുപറമ്പിൽ കുടുംബാംഗം.
മക്കൾ: പാസ്റ്റർ ആശിഷ് ഏബ്രഹാം (ക്രൈസ്തവ എഴുത്തുപുര അപ്പർ റൂം കോഡിനേറ്റർ ,യുകെ), അക്സ ഏബ്രഹാം (യു.കെ), അഞ്ചു ജെയ് ഏബ്രഹാം (കാനഡ)
മരുമക്കൾ. ബിൻസി, ഹേമന്ത്, ജെയ്മോൻ
ഏഴോലി, ഇടമൺ, ചെത്തോങ്കര, മൈലപ്ര, മെഴുവേലി, തൈക്കൂടം, പെരുവ, പാലക്കാട് എന്നിവിടങ്ങളിൽ സഭയുടെ ശുശ്രൂഷകനായിരുന്നു. 17 ശനിയാഴ്ച ഭൗതീക ശരീരം 8 മണിക്ക് ഇടമൺ ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ ശുശ്രൂഷകൾക്ക് ശേഷം ഉച്ചയ്ക്ക് 2 മണിക്ക് സഭാ സെമിത്തേരിയിൽ സംസ്ക്കരിക്കും.

# ഐപിസി പാലക്കാട് നോർത്ത് സെന്റർ വാർഷിക കൺവെൻഷൻ

പാലക്കാട് : പാലക്കാട് നോർത്ത് സെന്റർ 32 മത് വാർഷിക കൺവൻഷൻ മൈലംപുള്ളി Rock View ഓഡിറ്റോറിയത്തിൽ നടക്കും. സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.വി. മത്തായി ഉത്ഘാടനം ചെയ്യും. പാ. അനീഷ് തോമസ്, റാന്നി (പവർവിഷൻ), പാ. ഡാനിയേൽ കൊന്നനിൽക്കുന്നതിൽ (കേരള സ്റ്റേറ്റ് സെക്രട്ടറി), പാ. ഫെയ്ത്ത് ബ്ലസൺ, പള്ളിപ്പാട്, പാ. സാം ജോർജ് എന്നിവർ വചനം സംസാരിക്കും. ഉണർവ്വ് യോഗങ്ങൾ, ഉപവാസ പ്രാർത്ഥന, മിഷൻ ചലഞ്ച്, സോദരി സമാജം, പി.വൈ.പി.എ, സൺഡേ സ്കൂൾ വാർഷിക യോഗങ്ങൾ നടക്കും. ഞായറാഴ്ച സംയുക്ത ആരാധനയോടെ കൺവൻഷൻ സമാപിക്കും. അരോമ സിങ്ങേഴ്സ് (സെന്റർ കൊയർ) ഗാനങ്ങൾ ആലപിക്കും

# ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് യു.എ.ഇ. റീജിയൻ സി.ഇ.എമ്മിനു പുതിയ നേതൃത്വം


പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ


Br. അസിറിയ മാത്യു


Br. ബിനോയ് തോമസ്

ദുബായ്: ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് യുഎഇ റീജിയൻ 2024 - 25 ലെക്ക് സി.ഇ.എമ്മിനു പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി പാസ്റ്റർ സന്തോഷ് സെബാസ്റ്റ്യൻ സെക്രട്ടറിയായി Br. അസിറിയ മാത്യു ട്രഷറർ ആയി Br.ബിനോയ് തോമസ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഭാരവാഹികൾ : ജോയിൻറ് സെക്രട്ടറി Br.സോജിത് സജി അസ്സോസിയേറ്റ് ട്രഷറർ Br.ഷാജി എബ്രഹാം എക്സിക്യൂട്ടീവ് മെംബേർസ് Br.ബ്ലെസ്സൺ ലൂക്കോസ്, Br.നിഷാദ് ഫിലിപ്പ് . പ്രവർത്തന വിപുലീകരണത്തിന് എല്ലാ ലോക്കൽ സഭകളിലെയും സിഇഎം സെക്രട്ടറിമാരെ ഉൾപ്പെടുത്തി വിപുലമായ ജനറൽ കമ്മിറ്റി രൂപികരിച്ചു. ശാരോൻ ഫെലോഷിപ്പു ചർച്ച് യു.എ.ഇ. റീജിയൻ പാസ്റ്റർ ജോൺസൻ ബേബി, റീജിയൻ സെക്രട്ടറി പാസ്റ്റർ ഗിൽബർട്ട് ജോർജ് എന്നിവരുടെ നേതൃത്വത്തിൽ 08.02.2024, വ്യാഴാഴ്ച, ജബൽ അലി ക്രൈസ്റ്റ് ചർച്ചിൽ നടന്ന യുഎഇ റീജിയൻ പൊതുയോഗത്തിലാണ് പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തത്.

# പാത്രിയർക്കീസ് ബാവ രണ്ടാഴ്ചത്തെ ഭാരത സന്ദർശനം പൂർത്തിയാക്കി ദമാസ്കസിലേക്ക് മടങ്ങി

പുത്തൻകുരിശ്: ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രിയർക്കീസ് ബാവ സഭാമക്കൾക്ക് ഉണർവും പ്രത്യാശയുമേകി രണ്ടാഴ്ചത്തെ ഭാരത സന്ദർശനം പൂർത്തിയാക്കി ദമാസ്കസിലേക്ക് മടങ്ങി. ജനസാഗരം കൊണ്ട് ശ്രദ്ധേയമായ ബാവായുടെ ഭാരതത്തിലെ നാലാമത്തെ സന്ദർശനം വിശ്വാസി സമൂഹത്തിന് ആവേശകരവും അനുഗ്രഹകരവുമായ നിമിഷങ്ങളായിരുന്നു സമ്മാനിച്ചത്. സന്ദർശനത്തിൽ ഉടനീളം സ്നേഹനിർഭരമായ സ്വീകരണവും ഭക്തി നിർഭരമായ വരവേൽപ്പുമാണ് ലഭിച്ചത്. കടന്നു ചെന്നതായ ഓരോ ഇടങ്ങളിലും ജാതിഭേദമന്യേ ആയിരക്കണക്കിന് ആളുകളായിരുന്നു ബാവായെ കാണുവാനും സ്വീകരിക്കുവാനും എത്തിയിരുന്നത്. ഭാരതത്തിന്റെ പൈതൃകവും മതനിരപേക്ഷതയും സഹിഷ്ണുതയും എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിച്ചു കൊണ്ടുള്ള ഇന്ത്യൻ ഭരണഘടനയുടെ തനിമയും ഭാരതത്തെ ലോകത്തിനു മുന്നിൽ അഭിമാനത്തോടെ ഉയർത്തി നിർത്തുന്നുവെന്നും ശാസ്ത്ര സാങ്കേതിക രംഗത്ത് ഇന്ത്യ കൈവരിച്ചിരിക്കുന്ന നേട്ടം അഭിനന്ദനാർഹമാണെന്നും തന്റെ സന്ദേശത്തിൽ ബാവ പറഞ്ഞു. തന്റെ സന്ദർശനത്തിനു വേണ്ട എല്ലാ ക്രമീകരണങ്ങളും സഹായങ്ങളും ചെയ്ത മുഖ്യമന്ത്രി പിണറായി വിജയനെയും അദ്ദേഹത്തിന്റെ ഗവൺമെന്റിനെയും ബാവ പ്രത്യേകം പ്രശംസിച്ചു. സന്ദർശനത്തിൽ ഉടനീളം നാടിന്റെ പുരോഗതിക്കും നന്മയ്ക്കും ഐശ്വര്യത്തിനും വേണ്ടി പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനും ബാവ ആഹ്വാനം ചെയ്തു. സഭ സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന സാഹചര്യത്തിൽ സഭാ മക്കളുടെ കണ്ണുനീരിനും പ്രാർത്ഥനയ്ക്കും ദൈവം ഉത്തരമരുളുമെന്നും ഏത് പ്രതിസന്ധിയിലും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്ന സഭാ മക്കളാണ് സഭയുടെ വലിയ സമ്പത്തെന്നും ബാവ പറഞ്ഞു. കഷ്ടതകളിൽ അധിഷ്ഠിതമായ വിശ്വാസമാണ് ക്രൈസ്തവ സഭയുടെ സാക്ഷ്യം. സഭകളും മതങ്ങളും സമാധാനത്തിലും സഹവർത്തിത്വത്തിലും മുന്നോട്ടു പോകുമ്പോഴാണ് സമൂഹത്തിൽ ശാന്തിയും സമാധാനവും കൈവരികയുള്ളുവെന്നും ക്രിസ്തീയ സഭകൾ ഇക്കാര്യത്തിൽ ശ്രദ്ധാലുക്കൾ ആകണമെന്നും ബാവ ആഹ്വാനം ചെയ്തു.

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**





തയ്യാറാക്കിയത്:
സിസ്റ്റർ ജോസി റിജോയി

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: യോശുവ : 46**

1. മോശേയെ പോലെ യിസ്രായേൽ ബഹുമാനിച്ച ഒരാൾ?
2. യിസ്രായേൽ മക്കൾ രേഖപെടുത്തി ഇരിക്കുന്ന രണ്ടാമത് പെസഹ കഴിചെതെവിടെ വെച്ച്?
3. യോശുവയുടെ കാലിൽ നിന്ന് ചെരുപ്പ് അഴിച്ചു കളയുവാനുള്ള നിർദേശം ലഭിച്ചത് എവിടെ വെച്ചാണ്?
4. യെരിഹൊവിലു ള്ള വസ്തുക്കൾ ദൈവത്തിന് എങ്ങെനെ ഉള്ളതായിരുന്നു?
5. യിസ്രായേൽ ചരിത്രത്തിൽ മന്ന നിന്നു പോയതെന്ന്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. യോശുവ (യോശുവ1:2)
2. ചുവപ്പുചരട് (യോശുവ 2:18)
3. കൊയത്തുകാലത്ത്. (യോശുവ 3:15)
4. 2000 മുഴം (യോശുവ 3:4)
5. ശിത്തിം (യോശുവ 2:10)

CHRISTIAN LIVE DAILY
14 FEBRUARY 2024
VOL 03
ISSUE 044 | 743
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

